

ഗ്രേസ് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ

പുസ്തക പ്രകാശനം

റിയാദ്: എം.ഐ തങ്ങൾ രചിച്ച 'ന്യൂനപക്ഷ രാഷ്ട്രീയം: ദർശനവും ദൗത്യവും' എന്ന കൃതിയുടെ പ്രകാശനം ഇന്ന് കോഴിക്കോട്ട് നടക്കുമെന്ന് പുസ്തകത്തിന്റെ പ്രസാധകരായ ഗ്രേയ്സ് എഡ്യൂക്കേഷനൽ അസോസിയേഷൻ റിയാദ് ചാപ്റ്റർ ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇന്ന് വൈകീട്ട് മൂന്നിന് കോഴിക്കോട് കെ.എം.എ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡൻറ് പാണക്കാട് സൈദലവി ശിഹാബ് തങ്ങൾ കെ. വേണുവിന് പുസ്തകം നൽകി പ്രകാശനം നിർവഹിക്കും. പി.കെ. കുഞ്ഞാലിക്കുട്ടി മുഖ്യപ്രഭാഷണം നടത്തും. ഡോ. എം.കെ. മുനീർ, കെ.എം. ഷാജി, മനോരമ റസിഡൻറ് എഡിറ്റർ കെ. അബൂബക്കർ എന്നിവർ സംസാരിക്കും.

സൈദലവി ശിഹാബ് തങ്ങൾ പ്രസിഡൻറും അശ്റഫ് തങ്ങൾ ചെറുപ്പടി ജനറൽ സെക്രട്ടറിയുമായ കമ്മിറ്റിയാണ് ഗ്രേയ്സിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. ഗ്രേയ്സ് റിയാദ് ചാപ്റ്ററിന്റെ കീഴിൽ സാമൂഹിക ബന്ധിയായ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്ന വാരാന്ത ചർച്ചാ ക്ലാസുകൾ എല്ലാ വെള്ളിയാഴ്ചയും താവിലെ ഒമ്പതിന് ബത്ഹയിലെ ഹാഫ്മൂൺ ഓഡിറ്റോറിയത്തിൽ നടന്നുവരുന്നതായി ഭാരവാഹികൾ പറഞ്ഞു.